No: COST OF DOCUMENT:
(Inclusive of VAT)

**KANNUR INTERNATIONAL AIRPORT LIMITED**
**PROJET OFFICE, MARUTHAI ROAD, MATTANNUR, KANNUR- 670 702,**
**TEL -0490 2474464, Fax – 0490 2474463**

# TENDER DOCUMENT

For

## Harvesting Cashew

(Tender No: KIAL/MTR/NIT/132)

ISSUED TO: PLOT

CONTRACTOR

**KANNUR INTERNATIONAL AIRPORT LIMITED**
**PROJET OFFICE, MARUTHAI ROAD, MATTANNUR, KANNUR- 670 702,**
**TEL -0490 247446, Fax- 0490 2474463**
www.kannurairport.in


KAL/MTR/NIT/132 27 March 2013

# ദർഘാസ് പരസ്യം

## കണ്ണൂർ ഇൻറർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, മട്ടന്നൂർ, കണ്ണൂർ

തലശ്ശേരി താലൂക്കിൽ കീഴല്ലൂർ വില്ലേജിൽ കിയാലിന്റെ അധീനതയിലുള്ള ത്തുഴ പറയുന്ന സ്ഥലത്ത് അങ്ങിങ്ങായി സ്ഥിതി ചെയ്യുന്ന ആദായം എടുക്കാൻ പറ്റുന്ന ഏകദേശം 235 കശുമാവ് മരങ്ങളിൽ നിന്നും, നിലവിലെ സ്ഥിതിയിൽ 04/04/2013 മുതൽ 03/05/2013 വരെ കശുവ ി ആദായം എടുക്കുന്നതിനുള്ള അവകാശത്തിനായി പ്ലോട്ട് തിരിച്ച് മുദ്രവെച്ച ടെകർ ക്ഷണിച്ചുകൊള്ളുന്നു.

ഏകദേശം ആദായം എടുക്കാൻ പറ്റുന്ന കശുമാവിന്റെ വിവരങ്ങൾ

| പ്ലോട്ട് നമ്പർ | ബ്ലോക്ക് നമ്പർ | ഏകദേശം മരങ്ങളുടെ എണ്ണം | അടിസ്ഥാനവില | ദർഘാസ് ഫോറത്തിന്റെ വില വാറ്റ് അടക്കം |
|---|---|---|---|---|
| 1 | 13, 20 | 235 | 23500/- | 300 + vat @ 14.5% |

ദർഘാസുകൾ മട്ടന്നൂരിലുള്ള **കിയാലിൻെറ** ഓഫീസിൽ നിന്നും (ഫോൺ: 0490 2474464) 30/03/2012 10:00 A.M മുതൽ 02/04/2013 4:00 P.M വരെ നൽകുന്നതാണ്. മുദ്രവെച്ച ദർഘാസുകൾ മട്ടന്നൂരിലുള്ള **കിയാലിൻെറ** ഓഫീസിൽ 03/04/2013 10:30 A.M വരെ സ്വീകരിക്കുന്നതും 03/04/2013 11:00 A.M ന് ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതുമാണ്. ദർഘാസ് ഫോറങ്ങൾ **കിയാലിൻെറ** മട്ടന്നൂർ ഓഫീസിൽ നിന്നും എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണിവരെ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പി സഹിതം രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസുകളോടൊപ്പം നിരതദ്രവ്യമായി **കണ്ണൂർ ഇൻറർനാഷണൽ എയർപോർട്ട് ലിമിറ്റഡ്** എന്ന പേരിൽ **മട്ടന്നൂരിൽ** മാറാവുന്ന 235/- (**ഇരുനൂറ്റി മുപ്പത്തിയഞ്ച്**) രൂപയുടെ ഡി.ഡി കൂടെ സമർപ്പിക്കേണ്ടതാണ്. ആവശ്യമായ നിരതദ്രവ്യം ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി സ്വന്തം ഉത്തരവാദിത്തത്തിൽ, നിലവിലെ നിയമങ്ങൾക്ക് വിധേയമായി ദർഘാസ് നിബന്ധനകൾ അനുസരിച്ച് മരങ്ങൾക്ക് കേടുപാടുകൂടാതെ ആദായം എടുക്കേണ്ടതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏതൊരു/ എല്ലാ ദർഘാസും നിരസിക്കാനുള്ള അധികാരം മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

ഒപ്പ്

മാനേജിംഗ് ഡയറക്ടർ
കണ്ണൂർ ഇൻറർനാഷണൽ എയർപോർട്ട് ലിമിറ്റഡ്,
മട്ടന്നൂർ, കണ്ണൂർ

**KANNUR INTERNATIONAL AIRPORT LIMITED**
**PROJET OFFICE, MARUTHAI ROAD, MATTANNUR, KANNUR- 670 702**
**TEL -0490 2474464, Fax: 0490 2474463**
www.kannurairport.in

KAL/MTR/NIT/132 27 March 2013

കശുമാവ് കരാർ

ദർഘാസ് പരസ്യത്തിന്റെ സംക്ഷിപ്തം

കണ്ണൂർ ജില്ല, തലശ്ശേരി താലൂക്കിൽ കീഴല്ലൂർ വില്ലേജിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനു വേണ്ടി **കിയാലിനു കൈമാറികിട്ടിയതും** താഴെ പട്ടികയിൽ കാണിച്ചതുമായ വസ്തുക്കളിൽ ഉള്ള കശുമാവ് മരങ്ങൾ, പ്ലോട്ടുകളായി നിലവിലെ സ്ഥിതിയിൽ 04/04/2013 മുതൽ 03/05/2013 വരെ, ആദായം എടുക്കുന്നതിനുള്ള അവകാശം കരാർ അടിസ്ഥാനത്തിൽ നൽകുന്നതിനു വേണ്ടിയുള്ള മൽസരാടിസ്ഥാനത്തിലുള്ള ദർഘാസ്, നടത്തുന്നതാണ്. അന്നേ ദിവസം ദർഘാസ് ഏതെങ്കിലും സാഹചര്യത്തിൽ നടത്താൻ കഴിയാതെ വരികയോ, ദർഘാസ് പൂർത്തിയാക്കാൻ കഴിയാതെ വരികയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്ത് ദർഘാസ് നടത്തുന്നതായിരിക്കും. നിശ്ചിത ഫോറത്തിൽ എഴുതിയ ദർഘാസുകൾ, 03/04/2013 ന് രാവിലെ 10.30 AM നു മുമ്പായി കി**യാലിൻെറ** മട്ടന്നൂരിലുള്ള ഓഫീസിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. തപാൽ വഴി ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. പട്ടികയിൽ രേഖപ്പെടുത്തിയ പ്രകാരം നിരതദ്രവ്യം കിയാലിന്റെ പേരിൽ മട്ടന്നൂരിൽ മാറാവുന്ന ഡി.ഡിയായി ഓരോ ദർഘാസിനുമൊപ്പം ഹാജരാക്കേ താണ്. ദർഘാസിൽ പങ്കെടുക്കുന്നവർ ആയതിനു മുമ്പായി കിയാലിന്റെ അനുവാദത്തോടെ പ്ലോട്ടുകൾ പരിശോധിച്ച് മരങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെട്ടിരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ കി**യാലിൻെറ** മട്ടന്നൂരിലുള്ള പ്രൊജക്ട് ഓഫീസിൽ നിന്ന് അറിയാവുന്നതാണ്

ഏകദേശം ആദായം എടുക്കാൻ പറ്റുന്ന കശുമാവിന്റെ വിവരങ്ങൾ

| പ്ലോട്ട് നമ്പർ | ബ്ലോക്ക് നമ്പർ | ഏകദേശം മരങ്ങളുടെ എണ്ണം | അടിസ്ഥാനവില | ദർഘാസ് ഫോറത്തിന്റെ വില വാറ്റ് അടക്കം |
|---|---|---|---|---|
| 1 | 13,20 | 235 | 23500/- | 300 + vat @ 14.5% |

ദർഘാസിന്റെ നടപടി ക്രമങ്ങൾ

നിശ്ചിത തീയതിക്കും സ്ഥലത്തും സമയത്തും പ്ലോട്ടുകളുടെ പേരിൽ പ്രത്യേകം പ്രത്യേകം ദർഘാസുകൾ സ്വീകരിക്കുന്നതാണ്. അതിനെ തുടർന്ന് ദർഘാസ് കമ്മിററി ദർഘാസ് സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ അതാത് ദർഘാസുകൾ തുറക്കുന്നതാണ്. ദർഘാസിൽ അടിസ്ഥാന വിലയേക്കാൾ കൂടുതൽ തുക വാഗ്ദാനം ചെയ്യപ്പെടുന്ന ദർഘാസ് സ്വീകരിക്കപ്പെടുവാൻ പരിഗണിക്കുന്നതാണ്.

ദർഘാസ് വ്യവസ്ഥകൾ

1. ദർഘാസിനുമുമ്പായി ദർഘാസിൽ പങ്കെടുക്കുന്നവരും ദർഘാസുകൾ സമർപ്പിക്കുന്നവരും നിരദത്രവ്യം (തിരികെ ലഭിക്കുന്നു) ദർഘാസിനൊപ്പം അടക്കേണ്ടതാണ്. നിരതദ്രവ്യം അടച്ചവർക്കുമാത്രമേ ദർഘാസിൽ

പങ്കെടുക്കുവാൻ അർഹതയു ായിരിക്കുകയുള്ളൂ. ഒരു കാരണവശാലും നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

2. ദർഘാസ് ഫോറങ്ങൾ കിയാലിൻെറ മട്ടന്നൂരിലുള്ള ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ ഫോട്ടോ പതിച്ച തിരച്ചറിയൽ കാർഡിന്റെ കോപ്പി സഹിതം രേഖാമൂലം അപേക്ഷിച്ചാൽ മാത്രം ലഭിക്കുന്നതാണ്.

3. ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ആയതിനു മുമ്പായി അതാത് പ്ലോട്ടുകൾ **സന്ദർശിച്ച്** ആദായം എടുക്കാൻ പറ്റുന്ന മരങ്ങളുടെ എണ്ണം, ഇനം, ബ്ലോക്കുകളുടെ വിസ്തൃതി, അതിരുകൾ മുതലായവയുടെ വിവരങ്ങൾ മനസ്സിലാക്കിയിരിക്കേ താണ്. ഇതു സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ കിയാലിൻെറ തീരുമാനം അന്തിമമായിരിക്കും. അതു ചോദ്യം ചെയ്യാൻ പാടില്ലാത്തതാണ്.

4. ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ അന്നുതന്നെ ദർഘാസ് തുകയുടെ 50% തുക ഡി.ഡി.യായോ **കാഷ് ട്രാൻസ്ഫർ മുഖേനയോ** അടയ്ക്കേ താണ്. ബാക്കി മുഴുവൻ തുകയും ബാധകമായ നികുതിയും ഏഴു ദിവസത്തിനകം അടച്ചശേഷം നിശ്ചിത കരാറിൽ ഒപ്പ് വെച്ച് ആദായം എടുത്തു തുടങ്ങാവുന്നതാണ്. ദർഘാസിലുള്ള തുകയിൽ ഉയർന്ന തുകയാണ് കരാർ തുകയായി കണക്കാക്കുക.

5. **കിയാലിന്** യുക്തമാണെന്നു തോന്നുന്ന പക്ഷം പ്രസ്തുത സ്ഥലത്തുനിന്നും/സ്ഥലത്തിന്റെ ഭാഗങ്ങളിൽനിന്നും ആദായം എടുക്കുവാനുള്ള അവകാശം യാതൊരു കാരണവും കാണിക്കാതെ തന്നെ 15 ദിവസത്തെ നോട്ടീസ് നൽകി തിരിച്ചെടുക്കുവാൻ **കിയാലിന്** അധികാരം ഉണ്ടായിരിക്കുന്നതാണ്.

6. അപ്രകാരം ആദായം എടുക്കുന്നതിനുള്ള അവകാശം **കിയാൽ** ഏറ്റെടുക്കുന്ന പക്ഷം ബാക്കി കാലാവധി/ബാക്കി മരങ്ങളുടെ എണ്ണം എന്നിവ കണക്കാക്കി, ആനുപാതികമായ കരാർ തുക മടക്കി നൽകുന്നതോ ആയിരിക്കും.

7. തീപിടുത്തം, വരൾച്ച, പ്രകൃതിക്ഷോഭം മുതലായവ മൂലം ഉ ാകുന്ന മരങ്ങളുടെ നഷ്ടം, കരാറുകാരുടെ തൊഴിലാളികളുടെ സമരം / പണിമുടക്ക് മുതലായവ മൂലം ഉണ്ടാകുന്നതോ, മറ്റേതെങ്കിലും വിധത്തിൽ ഉ ണ്ടാകുന്നതുമായ നാശനഷ്ടങ്ങൾക്കോ **കിയാൽ** ഉത്തരവാദികളായിരിക്കുന്നതോ, നഷ്ട പരിഹാരങ്ങൾ നൽകുന്നതോ അല്ല. കരാറുകാരന്റെ തൊഴിലാളികൾക്ക് ലഭിക്കേണ്ടതായ യാതൊരുവിധ ആനുകൂല്യങ്ങളോ, നഷ്ടപരിഹാരമോ നൽകുന്നതിന് **കിയാലിന്** ബാധ്യത ഉണ്ടായിരിക്കുന്നതല്ല. ആയത് കരാറുകാരൻ തന്നെ സ്വന്തം ഉത്തരവാദിത്വത്തിൽ നിർവഹിക്കേണ്ടതാണ്.

8. കരാറുകാരനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ തൊഴിലാളികളിൽ നിന്നോ **കിയാലിൻെറ** സുഗമമായ പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉണ്ടാകുവാൻ പാടുള്ളതല്ല, മാത്രവുമല്ല നിയമവിധേയവുമല്ലാത്ത പ്രവൃത്തികൾ കരാറുകാരനോ, ടിയാന്റെ തൊഴിലാളികളോ പ്ലോട്ടുകളിൽ ചെയ്യാൻ പാടുള്ളതല്ല.

9. ദർഘാസ് തുകയ്ക്കു പുറമെ വിൽപന നികുതിയോ മറ്റു നികുതിയോ ബാധകമെങ്കിൽ ആയത് കരാറുകാരൻ തന്നെ അടയ്ക്കേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള ലൈസൻസ് ആവശ്യമായാൽ ആയത് കരാറുകാരൻ സ്വന്തം ചിലവിലും, ഉത്തരവാദിത്വത്തിലും എടുക്കേണ്ടതാണ്.

10. കരാറുകാരിൽ നിന്നോ, ഏജന്റിൽനിന്നോ ടിയാന്റെ തൊഴിലാളികളിൽ നിന്നോ **കിയാൽ** വക മരങ്ങൾക്കോ മറ്റു വസ്തുവകകൾക്കോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ **കിയാൽ** നിർദ്ദേശിക്കുന്ന തോതിലുള്ള നഷ്ടപരിഹാരത്തുക കരാറുകാരൻ അടയ്ക്കേണ്ടതാണ്. ഇതിൽ **കിയാലിൻെറ** തീരുമാനം അന്തിമവുമായിരിക്കുന്നതാണ്.

11. പ്രസ്തുത സ്ഥലത്തുനിന്നും വിറക്, പുല്ല്, മറ്റു സാധനസാമഗ്രികൾ കരാറുകാരനോ അയാൾ ഏർപ്പെടുത്തുന്നവരോ, അയാളുടെ തൊഴിലാളികളോ കൊണ്ടുപോകാൻ പാടില്ല.

12. കാറ്റുമൂലമോ, പ്രകൃതിക്ഷോഭം മൂലമോ ഒടിഞ്ഞോ, പിഴുതോ വീഴുന്ന മരങ്ങൾ എടുക്കുന്നതിനോ, വിൽക്കുന്നതിനോ **കിയാലിന്** അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം മരങ്ങൾ നീക്കുന്നതുമൂലം കരാറുതുകയിൽ ഇളവു ലഭിക്കുന്നതല്ല.

13. കരാറുകാരൻ യാതൊരു കാരണവശാലും സ്ഥിര സ്വഭാവമുള്ള നിർമ്മാണപ്രവർത്തനങ്ങൾ യാതൊന്നും തന്നെ തോട്ടത്തിനുള്ളിൽ നടത്താൻ പാടുള്ളതല്ല.

14. കരാറുകാരന്റെ ജോലിസമയത്തുള്ള അപകടങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന workmen compensation പുർണ്ണമായും കരാറുകാരന്റെ ഉത്തരവാദിത്വത്തിലായിരിക്കും.

15. **കിയാലും,** കരാറുകാരനും തമ്മിലുള്ള ആശയവിനിമയം എഴുത്തുകളിലൂടെയാവണം.

16. ദർഘാസുകൾ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിൽ ആദായം എടുക്കേണ്ടതാണ്.

17. കരാറുവ്യവസ്ഥകൾക്കു വിപരീതമായി കരാറുകാരനോ, അയാളുടെ തൊഴിലാളികളോ പ്രവൃത്തിക്കുന്നതായി **കിയാലിന്** ബോധ്യപ്പെട്ടാൽ മുന്നറിയിപ്പുകൂടാതെ കരാർ റദ്ദാക്കുന്നതിനുള്ള പരമാധികാരം കിൻഫ്രയ്ക്ക് ഉണ്ടായിരിക്കും. ഇതുമൂലം **കിയാലിനു**ണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതും ആയത് ടിയാനിൽ നിന്ന് ഈടാക്കുന്നതിന് **കിയാലിന്** അർഹതയുണ്ടായിരിക്കുന്നതുമാണ്. അങ്ങിനെ കരാർ റദ്ദാക്കേണ്ടിവരുന്ന സാഹചര്യത്തിൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ശേഷിക്കുന്ന കാലത്തേയ്ക്ക് കരാർ നൽകുന്നതിനുള്ള അവകാശവും **കിയാലിനു**ണ്ടായിരിക്കുന്നതാണ്.

18. ദർഘാസിൽ പങ്കെടുക്കുന്ന കോൺട്രാക്ടർ, എല്ലാ വ്യവസ്ഥകളും അംഗീകരിക്കുന്നതിനായി രേഖപ്പെടുത്തുന്നതിന് ഇതിനോടൊപ്പമുള്ള എല്ലാ പേജുകളിലും ഒപ്പിടേണ്ടതാണ്.

19. കരാർ ഉറപ്പിച്ച ആളിന്റേതൊഴികെ നിരതദ്രവ്യം ദർഘാസ് നടപടിക്രമം കഴിഞ്ഞതിനുശേഷം പലിശ കൂടാതെ തിരികെ നൽകുന്നതാണ്.

20. ദർഘാസിലോ / ലേലത്തിലോ ഇതുസംസന്ധമായ കരാർ വ്യവസ്ഥകളുടെ വ്യാഖ്യാനത്തിലോ എന്തെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം **കിയാലിൻെറ** മാനേജിംഗ് ഡയറക്ടർക്കു അതിൽ തീർപ്പു കൽപ്പിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതും, പ്രസ്തുത തീർപ്പു അന്തിമമായിരിക്കുന്നതുമാണ്.

21. ദർഘാസുകൾ **കിയാലിൻെറ** മട്ടന്നൂരുള്ള ഓഫീസിൽ (**കണ്ണൂർ ഇൻറർനാഷണൽ എയർപോർട്ട് ലിമിറ്റഡ് പ്രൊജക്ട് ഓഫീസ്, മരുതായി റോഡ്, മട്ടന്നൂർ, കണ്ണൂർ– 670 702, ഫോൺ– 0490– 2474464**) താഴെ പറയുന്ന സമയത്ത് സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്.

22. ദർഘാസ് സമർപ്പിച്ചതിനുശേഷം ദർഘാസിൽ പങ്കെടുത്തതിനുശേഷം പിന്മാറുന്നവരുടെ നിരതദ്രവ്യം കണ്ടുകെട്ടുന്നതാണ്.

23. കരാർ നിയമപ്രകാരം **കിയാലും** കരാറുകാരനുമായി എന്തെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന്റെ പരിധി തിരുവനന്തപുരത്തുള്ള കോടതിയിൽ നിക്ഷിപ്തമായിരിക്കും.

24. മേൽപറഞ്ഞ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന പക്ഷം ഈ ടെണ്ടർ ഏതു സമയത്തും ക്യാൻസൽ ചെയ്യാനും EMD, ദർഘാസ് തുക എന്നിവ കിയാലിന്റെ പേരിൽ ക ുകെട്ടാനും, റീ-ടെണ്ടർ ചെയ്യാനും മറ്റു നിയമ നടപടികൾ എന്നിവ നടത്തുന്നതിനും **കിയാലിന്** അധികാരമുണ്ടായിരിക്കും.

25. മരങ്ങളുടെയോ, ബ്ലോക്കുകളുടെയോ എണ്ണം, ക്രമീകരണം എന്നിവയിൽ പരസ്യപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി ഭേദഗതികൾ വരുത്തുന്നതിനുള്ള അധികാരം കി**യാലിൻെറ** മാനേജിംഗ് ഡയറക്ടോർക്കോ അദ്ദേഹം നിർദ്ദേശിക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ ഉണ്ടായിരികുന്നതാണ്. ദർഘാസ് ലേലത്തിൽ പങ്കെടുക്കുന്നവർ ദർഘാസ് ലേലത്തിന് വരുമ്പോഴോ കരാർ വയ്ക്കുന്നതിനായി വരുമ്പോഴോ തിരിച്ചറിയൽ കാർഡ് കൊണ്ടുവരേണ്ടതാണ്.

26. കിയാലിനു യുക്തമെന്ന് തോന്നുകയാണെങ്കിൽ ഈ കരാർ കാലാവധി കരാർ ഉറപ്പിച്ചു കിട്ടുന്ന വ്യക്തിക്കു തന്നെ, കരാർ ഉറപ്പിച്ച അതേ നിരക്കിലും വ്യവസ്ഥകളിലും കരാർ നീട്ടിക്കൊടുക്കുന്നതിന് അനുവാദം നൽകാൻ കിയാൽ മാനേജിംഗ് ഡയറക്ടർക്കോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അധികാരം ഉ ായിരിക്കുന്നതും കരാർ ഉറപ്പിച്ചുകിട്ടുന്ന വ്യക്തിക്ക് ഇത് അംഗീകരിക്കാൻ ബാധ്യതയുള്ളതുമാകുന്നു.

27. കരാർ ഉറപ്പിച്ചു കിട്ടിയ വ്യക്തി കരാർ മറിച്ചുനൽകാൻ പാടില്ല.

28. ഈ വ്യവസ്ഥകൾ കരാറിന്റെ ഭാഗമായിരിക്കുന്നതാണ്.

29. കരാർ ഉറപ്പിച്ചു കിട്ടിയ വ്യക്തി മരങ്ങൾ മുറിച്ചു മാറ്റാൻ പാടില്ല.

30. അടിസ്ഥാന വിലയിൽ കുറച്ച് സമർപ്പിക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല.

| | |
|---|---|
| ദർഘാസ് ഫോറം കൊടുക്കുന്ന അവസാന ദിവസവും സമയവും | 30 March 2013, 4.00 PM |
| ദർഘാസ് ലഭിക്കേണ്ട അവസാന ദിവസവും സമയവും: | 02 April 2013, 10.30 PM |
| ദർഘാസ് തുറക്കുന്ന ദിവസം, സ്ഥലം സമയം: | കണ്ണൂർ ഇൻറർനാഷണൽ എയർപോർട്ട് ലിമിറ്റഡ് പ്രൊജക്ട് ഓഫീസ്, മരുതായി റോഡ്, മട്ടന്നൂർ, കണ്ണൂർ- 670 702<br>03 April 2013, 11.00 AM |

ഒപ്പ്

**മാനേജിംഗ് ഡയറക്ടർ**

കണ്ണൂർ ഇൻറർനാഷണൽ എയർപോർട്ട് ലിമിറ്റഡ്

മട്ടന്നൂർ, കണ്ണൂർ

## സമ്മതപത്രം

കണ്ണൂർ ജില്ല, തലശ്ശേരി താലൂക്കിൽ പഴശ്ശി / കീഴല്ലൂർ വില്ലേജുകളിൽ **കിയാലിൻെറ** അധീനതയിലുള്ള സ്ഥലത്തുള്ള അങ്ങിങ്ങായി സ്ഥിതിചെയ്തു കശുമാവ് മരങ്ങളിൽ നിന്നും 04/04/2013 മുതൽ 03/06/2013 വരെ കശുവണ്ടി ആദായം എടുക്കുന്നതിനുള്ള ദർഘാസ്

1. കോൺട്രാക്ടറുടെ പേര് :

2. പൂർണ്ണമായ മേൽ വിലാസം :

3. തിരിച്ചറിയൽ കാർഡ് / പാൻ കാർഡ് നമ്പർ :

4. നിരതദ്രവ്യമായി സമർപ്പിക്കുന്ന തുക : 235/-

D.D യുടെ വിശദാംശങ്ങൾ : ബാങ്കിന്റെ പേര്:

5. പ്ലോട്ട് നമ്പർ : ഒന്ന് (ബ്ലോക്ക് 13, 20)

6. ഏകദേശ മരങ്ങളുടെ എണ്ണം : 235

04/04/2013 മുതൽ 03/05/2013 വരെ മേൽപറഞ്ഞ പ്ലോട്ടിലുള്ള കശുമാവു മരങ്ങളിൽ നിന്നും ആദായം എടുക്കുന്നതിന് Rs.............................................................................................
രൂപ. ....................................................................................................
.........................................................................................................)

(തുക അക്കത്തിലും അക്ഷരത്തിലും) **സമ്മതിച്ചിരിക്കുന്നു.**

## പ്രസ്താവന

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും സത്യമാണെന്നും **കിയാലിൻെറ** നിബന്ധനകൾ പേജ് 1 മുതൽ 7 വരെ പൂർണ്ണമായി വായിച്ചു മനസ്സിലാക്കി അതനുസരിച്ച് അവ പാലിച്ചു കൊള്ളാമെന്നും കോൺട്രാക്ട് ലഭിക്കുകയാണെങ്കിൽ 7 ദിവസത്തിനകം **കിയാലു**മായി കരാറിൽ ഏർപ്പെട്ട് 04/04/2013 മുതൽ 03/05/2013 വരെ മേൽപറഞ്ഞ കശുമാവ് മരങ്ങളിൽ നിന്നും മരങ്ങൾക്ക് കേടുപാടു കൂടാതെ ആദായം സ്വന്തം ഉത്തരവാദിത്വത്തിൽ എടുത്തുകൊള്ളാമെന്ന് ഇതിനാൽ സമ്മതിച്ചിരിക്കുന്നു. മേൽപ്പറഞ്ഞ മരങ്ങളുടെ എണ്ണവും മരങ്ങളും ഞാൻ നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടതുമാകുന്നു.

കോൺട്രാക്ടർ